# 2025-ലെ അന്താരാഷ്ട്ര ചൈനീസ് സ്പീക്കിംഗ് കോൺഫറൻസിനുള്ള ദൂതുകളുടെ രൂപരേഖകൾ

## പൊതുവിഷയം:
## റോമാലേഖനത്തിലെ 5 മുതൽ 8 വരെയുള്ള അധ്യായങ്ങൾ—
## വേദപുസ്തകത്തിന്റെ അന്തസാരം

ദൂത് രണ്ട്

## നമ്മുടെ നീതീകരണത്തിന്റെ ഫലം—
## നമ്മുടെ ജീവനായ ക്രിസ്തുവിലുള്ള പൂർണമായ ദൈവാസ്വാദനം

CC SC Hymns: E296

തിരുവെഴുത്ത് വായന: റോമ. 5:1-11

റോമ. 5:1 അതുകൊണ്ട് വിശ്വാസത്തിൽ നിന്ന് നീതീകരിക്കപ്പെട്ടിട്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്,

റോമ. 5:2 നാം നിൽക്കുന്ന ഈ കൃപയിലേക്ക്, അവനിലൂടെ വിശ്വാസത്താൽ പ്രവേശനം നേടിയിരിക്കുകയും, ദൈവതേജസ്സിന്റെ പ്രത്യാശ നിമിത്തം പ്രശംസിക്കുകയും ചെയ്യുന്നു.

റോമ. 5:3 മാത്രമല്ല, കഷ്ടത സഹിഷ്ണുതയെയും,

റോമ. 5:4 സഹിഷ്ണുത അംഗീകാര്യതയെയും; അംഗീകാര്യത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞുകൊണ്ട്, ഞങ്ങൾ ഞങ്ങളുടെ കഷ്ടതകളിൽ പ്രശംസിക്കുന്നു;

റോമ. 5:5 പ്രത്യാശ നമ്മെ ലജ്ജിപ്പിക്കുന്നതുമില്ല, എന്തുകൊണ്ടെന്നാൽ ദൈവസ്നേഹം, നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു.

റോമ. 5:6 നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്ക സമയത്ത് അഭക്തർക്കു വേണ്ടി മരിച്ചു.

റോമ. 5:7 നല്ല മനുഷ്യനു വേണ്ടി ഒരുപക്ഷേ ആരെങ്കിലും മരിക്കുവാൻ തുനിഞ്ഞേക്കാമെങ്കിലും, നീതിമാനായ ഒരു മനുഷ്യനു വേണ്ടി വിരളമായേ ആരെങ്കിലും മരിക്കുകയുള്ളു.

റോമ. 5:8 എന്നാൽ നാം പാപികൾ ആയിരിക്കുമ്പോൾത്തന്നെ, ക്രിസ്തു നമുക്കു വേണ്ടി മരിച്ചതിലൂടെ, ദൈവം നമ്മോടുള്ള തന്റെ സ്വന്തം സ്നേഹം നമുക്ക് തെളിയിച്ചു തരുന്നു.

റോമ. 5:9 ഇപ്പോൾ അവന്റെ രക്തത്തിൽ നീതീകരിക്കപ്പെട്ടിട്ട്, നാം അവനിലൂടെ എത്ര അധികമായി ക്രോധത്തിൽനിന്ന് രക്ഷിക്കപ്പെടും.

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

റോമ. 5:11 മാത്രമല്ല, ഇപ്പോൾ നാം നിരപ്പ് പ്രാപിക്കുവാൻ മുഖാന്തരമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം, ദൈവത്തിൽ പ്രശംസിച്ചുകൊണ്ടുമത്രേ.

**I. ദൈവത്തിന്റെ നീതിയുടെ നിലവാരമനുസരിച്ച് നമ്മെ അംഗീകരിക്കുന്നതിലുള്ള അവന്റെ പ്രവൃത്തിയാണ് നീതീകരണം; വിശ്വാസികളുടെ നീതി തങ്ങളിൽത്തന്നെ അവർക്കുള്ള ഒരു അവസ്ഥയല്ല, മറിച്ച് അവർ ചേർന്നിരിക്കുന്ന ഒരു വ്യക്തിയായ, ജീവനുള്ള ക്രിസ്തു തന്നെയാണ്:**

A. നാം ക്രിസ്തുവിലേക്ക് വിശ്വസിക്കുമ്പോൾ, നാം ദൈവത്തിന്റെ ക്ഷമ സ്വീകരിക്കുകയും (പ്രവൃ. 10:43), ക്രിസ്തുവിനെ നമ്മുടെ നീതിയാക്കിക്കൊണ്ടും നമ്മുടെ നീതിവസ്ത്രമായ ക്രിസ്തുവിനെക്കൊണ്ട് നമ്മെ ധരിപ്പിച്ചുകൊണ്ടും (യെശ. 61:10; ലൂക്കൊ. 15:22; യിരെ. 23:6; സെഖ. 3:4) ദൈവത്തിന് നമ്മെ നീതീകരിക്കുവാൻ കഴിയും (റോമർ 3:24, 26).

പ്രവൃ. 10:43 അവന്റെ നാമം മുഖാന്തരം അവനിലേക്കു വിശ്വസിക്കുന്ന എല്ലാവർക്കും പാപങ്ങളുടെ ക്ഷമ ലഭിക്കും എന്ന് എല്ലാ പ്രവാചകന്മാരും ഇവന് സാക്ഷ്യം പറയുന്നു.

റോമ. 3:24 ക്രിസ്തു യേശുവിലുള്ള വീണ്ടെടുപ്പ് മുഖാന്തരം അവന്റെ കൃപയാൽ സൗജന്യമായി നീതീകരിക്കപ്പെടുന്നു;

റോമ. 3:26 അവന്റെ രക്തത്തിലുള്ള വിശ്വാസം മുഖാന്തരം, തന്റെ നീതിയുടെ പ്രദർശനത്തിനായി, ദൈവം അവനെ അനുനയ സ്ഥലമാക്കിവച്ചു, അതിനാൽ ദൈവം തന്റെ സഹിഷ്ണുതയിൽ മുമ്പുണ്ടായ പാപങ്ങളുടെ മേൽ കടന്നുപോയി.

യെശ. 61:10 ഞാൻ യഹോവയിൽ ഏറ്റവും ആനന്ദിക്കും; എന്റെ ഉള്ളം എന്റെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും; മണവാളൻ തലപ്പാവു അണിയുന്നതുപോലെയും മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതുപോലെയും അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു.

ലൂക്കൊ. 15:22 എന്നാൽ പിതാവു തന്റെ അടിമകളോടു പറഞ്ഞു, മേൽത്തരമായ ആ മേലങ്കി പെട്ടെന്നു പുറത്തു കൊണ്ടുവന്ന് അവന്റെ മേൽ ഇടുവിൻ, അവന്റെ കൈയിൽ മോതിരവും പാദങ്ങളിൽ ചെരുപ്പുകളും ഇടുവിൻ.

യിരെ. 23:6 അവന്റെ കാലത്തു യെഹൂദാ രക്ഷിക്കപ്പെടും; യിസ്രായേൽ നിർഭയമായി വസിക്കും; അവന്നു യഹോവ നമ്മുടെ നീതി എന്നു പേർ പറയും എന്നു യഹോവയുടെ അരുളപ്പാടു.

സെഖ. 3:4 അവൻ തന്റെ മുമ്പിൽ നില്ക്കുന്നവരോടു: മുഷിഞ്ഞ വസ്ത്രം അവങ്കൽനിന്നു നീക്കിക്കളവിൻ എന്നു കല്പിച്ചു; പിന്നെ അവനോടു: ഞാൻ നിന്റെ അകൃത്യം നിന്നിൽനിന്നു പോക്കിയിരിക്കുന്നു; നിന്നെ ഉത്സവവസ്ത്രം ധരിപ്പിക്കും എന്നു അരുളിച്ചെയ്തു.

B. ജീവനാണ് ദൈവത്തിന്റെ രക്ഷയുടെ ലക്ഷ്യം; അങ്ങനെ നീതീകരണം "ജീവനിൽ" നിന്നാണ്; നീതീകരണത്തിലൂടെ നാം ദൈവത്തിന്റെ നീതിയുടെ നിലവാരത്തിലേക്ക് വരുകയും, ഇപ്പോൾ അവന് തന്റെ ജീവൻ നമ്മിലേക്ക് പകരുവാൻ കഴിയത്തക്കവണ്ണം നാം അതിനോട് യോജിച്ചിരിക്കുകയും ചെയ്യുന്നു—റോമ. 5:18.

റോമ. 5:18 അതുകൊണ്ട് ഏക അതിക്രമത്തിലൂടെ സകല മനുഷ്യർക്കും അത് ശിക്ഷാവിധിയിങ്കലേക്ക് ആയിരുന്നതുപോലെ, ഏക നീതിപ്രവൃത്തിയിലൂടെ സകല മനുഷ്യർക്കും അത് ജീവന്റെ നീതീകരണത്തിങ്കലേക്കും ആയിരുന്നു.

**II. നമ്മുടെ നീതീകരണത്തിന്റെ ഫലം നമ്മുടെ ജീവനായ ക്രിസ്തുവിലുള്ള പൂർണ ദൈവാസ്വാദനമാണ്—വാ. 1-11:**

റോമ. 5:1 അതുകൊണ്ട് വിശ്വാസത്തിൽ നിന്ന് നീതീകരിക്കപ്പെട്ടിട്ട്, നമ്മുടെ

കർത്താവായ യേശു ക്രിസ്തുവിലൂടെ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്,

റോമ. 5:2 നാം നിൽക്കുന്ന ഈ കൃപയിലേക്ക്, അവനിലൂടെ വിശ്വാസത്താൽ പ്രവേശനം നേടിയിരിക്കുകയും, ദൈവതേജസ്സിന്റെ പ്രത്യാശ നിമിത്തം പ്രശംസിക്കുകയും ചെയ്യുന്നു.

റോമ. 5:3 മാത്രമല്ല, കഷ്ടത സഹിഷ്ണുതയെയും,

റോമ. 5:4 സഹിഷ്ണുത അംഗീകാര്യതയെയും; അംഗീകാര്യത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞുകൊണ്ട്, ഞങ്ങൾ ഞങ്ങളുടെ കഷ്ടതകളിൽ പ്രശംസിക്കുന്നു;

റോമ. 5:5 പ്രത്യാശ നമ്മെ ലജ്ജിപ്പിക്കുന്നതുമില്ല, എന്തുകൊണ്ടെന്നാൽ ദൈവസ്നേഹം, നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു.

റോമ. 5:6 നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്ക സമയത്ത് അഭക്തർക്കു വേണ്ടി മരിച്ചു.

റോമ. 5:7 നല്ല മനുഷ്യനു വേണ്ടി ഒരുപക്ഷേ ആരെങ്കിലും മരിക്കുവാൻ തുനിഞ്ഞേക്കാമെങ്കിലും, നീതിമാനായ ഒരു മനുഷ്യനു വേണ്ടി വിരളമായേ ആരെങ്കിലും മരിക്കുകയുള്ളു.

റോമ. 5:8 എന്നാൽ നാം പാപികൾ ആയിരിക്കുമ്പോൾത്തന്നെ, ക്രിസ്തു നമുക്കു വേണ്ടി മരിച്ചതിലൂടെ, ദൈവം നമ്മോടുള്ള തന്റെ സ്വന്തം സ്നേഹം നമുക്ക് തെളിയിച്ചു തരുന്നു.

റോമ. 5:9 ഇപ്പോൾ അവന്റെ രക്തത്തിൽ നീതീകരിക്കപ്പെട്ടിട്ട്, നാം അവനിലൂടെ എത്ര അധികമായി ക്രോധത്തിൽനിന്ന് രക്ഷിക്കപ്പെടും.

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

റോമ. 5:11 മാത്രമല്ല, ഇപ്പോൾ നാം നിരപ്പ് പ്രാപിക്കുവാൻ മുഖാന്തരമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം, ദൈവത്തിൽ പ്രശംസിച്ചുകൊണ്ടുമത്രേ.

A. നമ്മുടെ നീതീകരണത്തിന്റെ ഫലം ആറ് മനോഹരമായ കാര്യങ്ങളിൽ—സ്നേഹത്തിലും (വാ. 5), കൃപയിലും (വാ. 2), സമാധാനത്തിലും (വാ. 1), പ്രത്യാശയിലും (വാ. 2), ജീവനിലും (വാ. 10), തേജസ്സിലും (വാ. 2)—നമ്മുടെ ആസ്വാദനത്തിനുവേണ്ടി ദേഹരൂപമെടുത്തിരിക്കുന്നു; ഈ വാക്യങ്ങൾ നമ്മുടെ ആസ്വാദനത്തിനുവേണ്ടിയുള്ള ത്രിയേകദൈവത്തെയും—പരിശുദ്ധാത്മാവിനെയും (വാ. 5), ക്രിസ്തുവിനെയും (വാ. 6), ദൈവത്തെയും (വാ. 11)—വെളിപ്പെടുത്തുന്നു.

റോമ. 5:5 പ്രത്യാശ നമ്മെ ലജ്ജിപ്പിക്കുന്നതുമില്ല, എന്തുകൊണ്ടെന്നാൽ ദൈവസ്നേഹം, നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു.

റോമ. 5:2 നാം നിൽക്കുന്ന ഈ കൃപയിലേക്ക്, അവനിലൂടെ വിശ്വാസത്താൽ പ്രവേശനം നേടിയിരിക്കുകയും, ദൈവതേജസ്സിന്റെ പ്രത്യാശ നിമിത്തം പ്രശംസിക്കുകയും ചെയ്യുന്നു.

റോമ. 5:1 അതുകൊണ്ട് വിശ്വാസത്തിൽ നിന്ന് നീതീകരിക്കപ്പെട്ടിട്ട്, നമ്മുടെ

കർത്താവായ യേശു ക്രിസ്തുവിലൂടെ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്,

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

റോമ. 5:6 നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്ക സമയത്ത് അഭക്തർക്കു വേണ്ടി മരിച്ചു.

റോമ. 5:11 മാത്രമല്ല, ഇപ്പോൾ നാം നിരപ്പ് പ്രാപിക്കുവാൻ മുഖാന്തരമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം, ദൈവത്തിൽ പ്രശംസിച്ചുകൊണ്ടുമത്രേ.

B. ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ മരണത്തിലൂടെ, പാപികളായ നമ്മെ ദൈവം നീതീകരിക്കുകയും അവന്റെ ശത്രുക്കളായ നമ്മെ തന്നോടുതന്നെ നിരപ്പിക്കുകയും ചെയ്തു (വാ. 1, 10-11); കൂടാതെ, "ദൈവസ്നേഹം നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു" (വാ. 5):

റോമ. 5:1 അതുകൊണ്ട് വിശ്വാസത്തിൽ നിന്ന് നീതീകരിക്കപ്പെട്ടിട്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്,

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

റോമ. 5:11 മാത്രമല്ല, ഇപ്പോൾ നാം നിരപ്പ് പ്രാപിക്കുവാൻ മുഖാന്തരമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം, ദൈവത്തിൽ പ്രശംസിച്ചുകൊണ്ടുമത്രേ.

1. നാം കഷ്ടപ്പെടുന്നവരും, ദരിദ്രരും, വിഷണ്ണരുമായിരിക്കാമെങ്കിലും, നമ്മുടെ ഉള്ളിലുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ സാന്നിധ്യം നമുക്ക് നിഷേധിക്കുവാൻ കഴിയുകയില്ല; ക്രിസ്തു തന്നെയാകുന്ന ജീവന്റെ രേഖയിൽ നിലനിൽക്കുന്നതിനായി (യോഹ. 14:6) നാം ദൈവം തന്നെയായ ദൈവസ്നേഹത്തിൽ (യൂദാ 20-21) നമ്മെ കാക്കേണ്ടതാവശ്യമാണ് (1 യോഹ. 4:8, 16).

യോഹ. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ...

യൂദാ. 1:20 എന്നാൽ പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധ, വിശ്വാസത്തിന്മേൽ നിങ്ങളെത്തന്നെ പണിതും, പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുംകൊണ്ട്,

യൂദാ. 1:21 ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളുവിൻ, നിത്യ ജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നുകൊണ്ട് തന്നെ.

1 യോഹ. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും

വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു..

2. ഇന്നത്തെ സഭയുടെ അധഃപതനത്തെ ജയിക്കുവാൻ നമുക്ക് സ്നേഹത്തിന്റെ ആത്മാവിന്റെ ഒരു ജ്വലനം ഉണ്ടായിരിക്കുവാൻ കഴിയത്തക്കവണ്ണം, ദൈവം നമുക്കു നൽകിയ സ്നേഹത്തിന്റെ ആത്മാവിനെ നാം വീശി ജ്വലിപ്പിക്കേണ്ടതാവശ്യമാണ്; നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കുകയെന്നാൽ നമ്മുടെ ആത്മാവിലുള്ള ആത്മാവായ കർത്താവുമായുള്ള സമ്പർക്കത്തിൽ നാം തുടരത്തക്കവണ്ണം നമ്മുടെ ആത്മാവിനെ തുടർച്ചയായി വ്യായാമം ചെയ്യുന്ന ശീലം വളർത്തിയെടുക്കുക എന്നാണ്—2 തിമൊ. 1:6-7; 4:22.

| | |
|---|---|
| 2 തിമൊ. 1:6 | ഇതു നിമിത്തം എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമിപ്പിക്കുന്നു. |
| 2 തിമൊ. 1:7 | ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്. |
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |

C. “നാം നില്ക്കുന്ന ഈ കൃപയിലേക്ക് അവനിലൂടെ വിശ്വാസത്താൽ പ്രവേശനം നേടിയിരിക്കുന്നു” (റോമ. 5:2); നാം വിശ്വാസത്താൽ നീതീകരിക്കപ്പെടുകയും കൃപയുടെ മണ്ഡലത്തിൽ നിൽക്കുകയും ചെയ്യുന്നതിനാൽ, “നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്” (വാ. 1):

1. “ദൈവത്തോട്” സമാധാനം ഉണ്ടെന്നത് അർഥമാക്കുന്നത് വിശ്വാസത്താൽ നാം നീതീകരിക്കപ്പെട്ടിട്ട് ദൈവത്തിലേക്കുള്ള നമ്മുടെ യാത്ര ഇതുവരെ പൂർത്തിയായിട്ടില്ലെന്നും, നാം ഇപ്പോഴും ദൈവത്തിങ്കലേക്കുള്ള വഴിയിലാകുന്നു എന്നുമാണ്; ലൂക്കൊസ് 7 അനുസരിച്ച്, രക്ഷിക്കപ്പെടുന്നതിനായി, “അധികം സ്നേഹിച്ചതു”കൊണ്ട് അധികം ക്ഷമിക്കപ്പെട്ട പാപിനിയായ സ്ത്രീയോട് കർത്താവായ യേശു പറഞ്ഞു: “സമാധാനത്തിലേക്ക് പോകുക” (വാ. 50, അക്ഷരാർഥത്തിൽ).

| | |
|---|---|
| Luke 7 | be omitted. |
| ലൂക്കൊ. 7:47 | ഇക്കാരണത്താൽ ഞാൻ നിന്നോടു പറയുന്നു, അനേകമായ അവളുടെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അവൾ അധികം സ്നേഹിച്ചു; എന്നാൽ ആരോടു കുറച്ചു ക്ഷമിച്ചിരിക്കുന്നുവോ അവൻ കുറച്ചു സ്നേഹിക്കുന്നു. |
| ലൂക്കൊ. 7:48 | അവൻ അവളോട്, നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്നു പറഞ്ഞു. |
| ലൂക്കൊ. 7:50 | എന്നാൽ അവൻ സ്ത്രീയോട്, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തിൽ പോകുക എന്നു പറഞ്ഞു. |

2. നീതീകരണത്തിന്റെ കവാടത്തിലൂടെ നാം ഒരിക്കൽ കടന്നുപോയാൽ, നാം സമാധാനത്തിന്റെ മാർഗത്തിൽ നടക്കേണ്ടതാവശ്യമാണ് (വാ. 3:17); നമ്മുടെ ആത്മാവിനുവേണ്ടി കരുതിക്കൊണ്ടും നമ്മുടെ ആത്മാവിനെ ഉപയോഗിച്ചുകൊണ്ടും, നമ്മുടെ ആത്മാവിന് ശ്രദ്ധ നൽകിക്കൊണ്ടും ദൈവാത്മാവിനോടുള്ള സംസർഗത്തിൽ നമ്മുടെ ആത്മാവിനാൽ ദൈവത്തെ ബന്ധപ്പെട്ടുകൊണ്ടും, നമ്മുടെ ആത്മാവിൽ നടക്കുകയും ജീവിക്കുകയും ചെയ്തുകൊണ്ടും നമ്മുടെ മനസ്സിനെ ആത്മാവിൽ നാം ഉറപ്പിക്കുമ്പോൾ നമ്മുടെ മനസ്സ് സ്വസ്ഥതയുടെയും, വിടുതലിന്റെയും, ശോഭയുടെയും, ആശ്വാസത്തിന്റെയും ഒരു ആന്തരിക അനുഭൂതി നമുക്ക് നൽകുന്നതിന് നമ്മുടെ സമാധാനമായിത്തീരുന്നു (8:6).

റോമ. 3:17 സമാധാനത്തിന്റെ മാർഗം അവർ അറിഞ്ഞിട്ടുമില്ല.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

**III. കൃപയുടെ മണ്ഡലത്തിൽ, നമ്മുടെ ആസ്വാദനത്തിനും സന്തോഷത്തിനുംവേണ്ടി നമ്മുടെ പ്രശംസയും ആനന്ദവുമായി നമുക്ക് ദൈവമുണ്ട്; ദൈവത്തിൽ പ്രശംസിക്കുന്നത് "കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത അംഗീകാര്യതയെയും, അംഗീകാര്യത, പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞുകൊണ്ട് നമ്മുടെ കഷ്ടങ്ങളിലും പ്രശംസിക്കുന്നതാണ്"—5:3-4, 11:**

റോമ. 5:11 മാത്രമല്ല, ഇപ്പോൾ നാം നിരപ്പ് പ്രാപിക്കുവാൻ മുഖാന്തരമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം, ദൈവത്തിൽ പ്രശംസിച്ചുകൊണ്ടുമത്രേ.

A. വാസ്തവത്തിൽ കഷ്ടത കൃപയുടെ ജഡാവതാരവും കൃപയുടെ മധുര സന്ദർശനവുമാണ്; കഷ്ടതയെ തിരസ്കരിക്കുന്നത് നമ്മുടെ ആസ്വാദനത്തിനുള്ള നമ്മുടെ പങ്കായ ദൈവമായ കൃപയെ തിരിസ്കരിക്കുന്നതാണ്; കൃപ പ്രധാനമായും നമ്മെ സന്ദർശിക്കുന്നത് കഷ്ടതയുടെ രൂപത്തിലാണ്, അതിലൂടെ ദൈവം എല്ലാ കാര്യങ്ങളെയും (എല്ലാ വ്യക്തികളെയും, എല്ലാ കാര്യങ്ങളെയും, എല്ലാ സാഹചര്യങ്ങളെയും, എല്ലാ പരിതസ്ഥിതികളെയും, എല്ലാ അന്തരീക്ഷങ്ങളെയും) നന്മയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കുവാൻ ഇടയാക്കുന്നു; നാം ജൈവികമായി രൂപാന്തരപ്പെടുകയും ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപരാകുകയും ചെയ്യത്തക്കവണ്ണവും പൂർണ പുത്രത്തിലേക്ക് നാം കൊണ്ടുവരപ്പെടത്തക്കവണ്ണവും അത് നമ്മുടെ ആളത്തത്തിലേക്ക് ക്രിസ്തു പണിതുചേർക്കപ്പെടുന്നതിന് അവനെ നാം കൂടുതൽ നേടുന്നതിനാണ്—2 കൊരി. 12:7-9; റോമ. 8:28-29.

2 കൊരി. 12:7 വെളിപാടുകളുടെ അതിവിശിഷ്ടത നിമിത്തം, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന്, എനിക്ക് ജഡത്തിൽ ഒരു മുള്ള്, സാത്താന്റെ ഒരു ദൂതനെ, എന്നെ ഇടിക്കേണ്ടതിന് തന്നിരിക്കുന്നു, ഞാൻ അത്യന്തം ഉയർത്തപ്പെടാതിരിക്കേണ്ടതിന് തന്നെ.

2 കൊരി. 12:8 അത് എന്നെ വിട്ടുപോകേണ്ടതിന്, ഇതിനെക്കുറിച്ച് ഞാൻ മൂന്നു പ്രാവശ്യം കർത്താവിനോട് അപേക്ഷിച്ചു.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ

അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

B. കഷ്ടത സഹിഷ്ണുതയിൽ പരിണമിക്കുകയും, സഹിഷ്ണുത പരീക്ഷിക്കപ്പെട്ട സ്വഭാവവും അംഗീകരിക്കപ്പെട്ട മൂല്യവുമായ അംഗീകാര്യതയെ ഉളവാക്കുകയും ചെയ്യുന്നു (ഫിലി. 2:19-22); പൗലൊസും അവന്റെ കൂട്ടുവേലക്കാരും "സുവിശേഷത്താൽ ഭരമേൽപ്പിക്കപ്പെടുവാൻ ദൈവത്താൽ അംഗീകരിക്കപ്പെട്ടു" (1 തെസ്സ. 2:4) എന്ന് പൗലൊസ് പറയുന്നു; അവർ സുവിശേഷം സംസാരിക്കുന്നത് മനുഷ്യരെ പ്രസാദിപ്പിക്കുന്നതിനായി അവരിൽനിന്നു തന്നെയല്ല, മറിച്ച് ദൈവത്തെ പ്രസാദിപ്പിക്കുന്നതിനായി ദൈവത്തിൽ നിന്നായിരിക്കത്തക്കവണ്ണം ദൈവം അവരുടെ ഹൃദയങ്ങളെ നിരന്തരം തെളിയിക്കുകയും, പരിശോധിക്കുകയും, പരീക്ഷിക്കുകയും ചെയ്തു:

ഫിലി. 2:19 എന്നാൽ നിങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ അറിഞ്ഞിട്ട് ഞാനും പ്രോത്സാഹിതനാകേണ്ടതിന്, തിമൊഥെയൊസിനെ വൈകാതെ നിങ്ങളുടെ അടുക്കൽ അയയ്ക്കുവാൻ കർത്താവായ യേശുവിൽ ആശിക്കുന്നു.

ഫിലി. 2:20 നിങ്ങളെ സംബന്ധിക്കുന്നതിൽ പരമാർഥമായി കരുതുവാൻ സമ-ദേഹിയുള്ളവനായി എനിക്ക് ആരുമില്ലല്ലോ;

ഫിലി. 2:21 ക്രിസ്തു യേശുവിന്റെ കാര്യങ്ങളല്ല സ്വന്തം കാര്യങ്ങളത്രേ എല്ലാവരും അന്വേഷിക്കുന്നത്.

ഫിലി. 2:22 എന്നാൽ ഒരു മകൻ അപ്പനോട് എന്നപോലെ സുവിശേഷത്തിങ്കലേക്ക് അവൻ എന്നോടുകൂടെ സേവിച്ചു എന്ന അവന്റെ അംഗീകാര്യതയെ നിങ്ങൾ അറിയുന്നുവല്ലോ.

1. നമ്മുടെ വിശ്വാസത്തിന്റെ പരിശോധന, പരിശോധനകളുടെയും കഷ്ടങ്ങളുടെയും തീ എന്ന "തീയാൽ ശോധന ചെയ്യപ്പെടുന്നതെങ്കിലും നശിച്ചുപോകുന്ന പൊന്നിനെക്കാൾ അധികം വിലയേറിയതാകുന്നു" എന്ന് 1 പത്രൊസ് 1:7 പറയുന്നു; അസംസ്കൃത സ്വർണ്ണം ശുദ്ധിവരുത്തുന്ന തീയുടെ കത്തലിൽ കഷ്ടംസഹിക്കുമ്പോൾ, അത് എല്ലാവർക്കും എളുപ്പത്തിൽ അംഗീകരിക്കാവുന്ന ഒരു ഗുണം നേടുന്നു—മലാ. 3:3.

    മലാ. 3:3 അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ടു ലേവിപുത്രന്മാരെ ശുദ്ധീകരിച്ചു പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും; അങ്ങനെ അവർ നീതിയിൽ യഹോവെക്കു വഴിപാടു അർപ്പിക്കും.

2. ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി ദിവ്യജീവനും ദിവ്യപ്രകൃതവുമായ ക്രിസ്തു തന്നെയായ യഥാർഥ സ്വർണത്തിൽ നാം പങ്കുചേരത്തക്കവണ്ണം സ്വർണ്ണ വിശ്വാസമായി അവനെ നേടുന്നതിന് അഗ്നിശോധനകളിലൂടെ നാം വില നൽകണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു; അങ്ങനെ പൊന്നുകൊണ്ടുള്ള പുതിയ യെരൂശലേമിന്റെ

കെട്ടുപണിക്കുവേണ്ടി നമുക്ക് ശുദ്ധമായ ഒരു പൊൻനിലവിളക്കായിത്തീരുവാൻ കഴിയും —വെളി. 3:18; 1:20; 21:18, 23; 2 പത്രൊ. 1:4.

| | |
|---|---|
| വെളി. 3:18 | നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു. |
| വെളി. 1:20 | എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമ്മം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു. |
| വെളി. 21:18 | മതിലിന്റെ പണി സൂര്യകാന്തം ആയിരുന്നു; നഗരം സ്വച്ഛമായ കണ്ണാടിപോലെ, ശുദ്ധതങ്കമായിരുന്നു. |
| വെളി. 21:23 | നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു. |
| 2 പത്രൊ. 1:4 | അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ. |

3. കർത്താവിനെ സ്നേഹിക്കുന്ന വിശുദ്ധന്മാരിൽ ചിലർക്ക് ഒരു നിശ്ചിത അളവിലുള്ള ജീവനും വെളിച്ചവും ഉള്ളതുകൊണ്ട് കർത്താവിനുവേണ്ടി പ്രവർത്തിക്കുവാൻ തങ്ങൾ യോഗ്യരാണെന്ന് അവർ ചിന്തിക്കുന്നു, എന്നാൽ അവർ അസംസ്കൃതരും, കഷ്ടതയുടെയും പരിശോധനയുടെയും സഹിഷ്ണുതയിൽനിന്നും ഉണ്ടാകുന്ന ഒരു അംഗീകൃത ഗുണമായ അംഗീകാര്യതയുടെ ഗുണം ഇല്ലാത്തവരുമാണ്; ഈ ഗുണം അവരാൽ ശുശ്രൂഷിക്കപ്പെടുന്ന ആളുകളെ സന്തോഷവും, മധുരവും, ആശ്വാസവും ഉള്ളവരാക്കുന്നു.
4. "കർത്താവേ, എനിക്ക് അംഗീകാര്യത നൽകണമേ" എന്ന് നാം എല്ലാവരും പ്രാർഥിക്കണം; അപ്പോൾ അംഗീകാര്യത ഉളവാക്കുന്ന പരിതസ്ഥിതികൾ കർത്താവ് നമുക്കായി ഉയർത്തും; നാം ക്രിസ്തുവിന്റെ അടിമകളാണെങ്കിലും, നമുക്ക് അംഗീകാര്യത ഇല്ല; ഇത് ദൈവത്തെ വിഷമിപ്പിക്കുകയും, നമ്മെ നശിപ്പിക്കുകയും, വിശുദ്ധന്മാരെയും ദൈവത്തിന്റെ ഭവനക്കാരെയും അസഹ്യപ്പെടുത്തുകയും ചെയ്യുന്നു; നമ്മുടെ വെളിച്ചത്താലും നമ്മുടെ വരത്താലും നാം വിശുദ്ധന്മാരെ സഹായിക്കുന്നു, എന്നാൽ നമ്മുടെ അംഗീകാര്യതയുടെ അഭാവത്താൽ നാം അവരെ വേദനിപ്പിക്കുന്നു—മത്താ. 24:45-51.

| | |
|---|---|
| മത്താ. 24:45 | അപ്പോൾ, യജമാനൻ തന്റെ ഭവനക്കാർക്കുമേൽ, അവർക്കു ശരിയായസമയത്തു ഭക്ഷണം കൊടുക്കുവാനായി ആക്കിവച്ചിരിക്കുന്ന വിശ്വസ്തനും വിവേകവുമുള്ള അടിമ ആരാകുന്നു? |
| മത്താ. 24:46 | തന്റെ യജമാനൻ വരുമ്പോൾ, അങ്ങനെതന്നെചെയ്യുന്നതായി കാണുന്ന ആ അടിമ |

അനുഗൃഹീതനാകുന്നു.

മത്താ. 24:47 അവൻ തന്റെ സകല വസ്തുവകകൾക്കും മേൽ അവനെ ആക്കിവയ്ക്കും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 24:48 എന്നാൽ ആ ദുഷ്ട അടിമ തന്റെ ഹൃദയത്തിൽ, എന്റെ യജമാനൻ വൈകുന്നു എന്നു പറയുകയും,

മത്താ. 24:49 തന്റെ കൂട്ടടിമകളെ അടിക്കുവാൻ തുടങ്ങുകയും കുടിയന്മാരോടുകൂടെ തിന്നുകയും കുടിക്കുകയും ചെയ്താൽ,

മത്താ. 24:50 ആ അടിമയുടെ യജമാനൻ, അവൻ പ്രതീക്ഷിക്കാത്ത നാളിലും, അവൻ അറിയാത്ത നാഴികയിലും വരുകയും,

മത്താ. 24:51 അവനെ വെട്ടിമാറ്റുകയും അവന്റെ പങ്കു കപടഭക്തിക്കാരോടുകൂടെ നിയോഗിക്കുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും.

C. അംഗീകാര്യതയോടൊപ്പം, നമുക്ക് പ്രത്യാശ ഉണ്ടായിരിക്കുകയും (റോമ. 5:4), ദൈവതേജസ്സിന്റെ പ്രത്യാശ നിമിത്തം നാം പ്രശംസിക്കുകയും ചെയ്യുന്നു (വാ. 2):

റോമ. 5:4 സഹിഷ്ണുത അംഗീകാര്യതയെയും; അംഗീകാര്യത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞുകൊണ്ട്, ഞങ്ങൾ ഞങ്ങളുടെ കഷ്ടതകളിൽ പ്രശംസിക്കുന്നു;

റോമ. 5:2 നാം നിൽക്കുന്ന ഈ കൃപയിലേക്ക്, അവനിലൂടെ വിശ്വാസത്താൽ പ്രവേശനം നേടിയിരിക്കുകയും, ദൈവതേജസ്സിന്റെ പ്രത്യാശ നിമിത്തം പ്രശംസിക്കുകയും ചെയ്യുന്നു.

1. നാം കൃപയിൽ നിൽക്കുകയും സമാധാനത്തിൽ നടക്കുകയും ചെയ്യുന്നുവെങ്കിലും, നാം ഇതുവരെ പൂർണമായി ആവിഷ്കരിക്കപ്പെട്ട ദൈവംതന്നെയായ തേജസ്സിൽ ആയിട്ടില്ല; "ഞങ്ങളുടെ ക്ഷണികമായ ലഘു ക്ലേശം ഞങ്ങൾക്കുവേണ്ടി അതിയായി കവിയുന്ന, നിത്യമായ ഘന തേജസ്സ് പുറപ്പെടുവിക്കുന്നു"—2 കൊരി. 4:17.
2. സകല കൃപയുടെയും ദൈവം നമ്മെ ക്രിസ്തുയേശുവിൽ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചിരിക്കുന്നു; ഇവിടെയും ഇപ്പോഴും നമ്മുടെ മഹത്വത്തിന്റെ പ്രത്യാശയായി നമ്മുടെ ആത്മാവിൽ വസിക്കുന്ന ക്രിസ്തുവിനെ നാം ആസ്വദിക്കുന്നു—1 പത്രൊ. 5:10; 1 തെസ്സ. 2:12; കൊലൊ. 1:27; ഫിലി. 3:21.

1 പത്രൊ. 5:10 എന്നാൽ ക്രിസ്തു യേശുവിൽ നിങ്ങളെ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ, സകല കൃപയുടെയും ദൈവം, നിങ്ങൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, താൻതന്നെ നിങ്ങളെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും.

1 തെസ്സ. 2:12 ഒരു അപ്പൻ തന്റെ സ്വന്തം മക്കളോടെന്നപോലെ നിങ്ങളെ പ്രബോധിപ്പിച്ചും സാന്ത്വനപ്പെടുത്തിയും സാക്ഷ്യപ്പെടുത്തിയുംകൊണ്ട്, ഞങ്ങൾ നിങ്ങൾ ഓരോരുത്തരോടും എപ്രകാരം ആയിരുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ.

കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു,

| | |
|---|---|
| | അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ, |
| ഫിലി. 3:21 | അവൻ സകലത്തെയും തനിക്കുതന്നെ കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരത്തിനൊത്തവണ്ണം, നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുമാറ് കായാന്തരപ്പെടുത്തും. |

3. അവന്റെ അനേകം പുത്രന്മാരായ നമ്മെ ദിവസവും ശുദ്ധീകരിച്ചുകൊണ്ട് കർത്താവ് നമ്മെ തേജസ്സിലേക്ക് നയിക്കുന്നു (എബ്രാ. 2:10-11); യേശുക്രിസ്തുവിന്റെ മുഖത്തുള്ള ദൈവതേജസ്സ് കാണുന്നതിന് നമ്മുടെ ഹൃദയങ്ങളെ കർത്താവിലേക്ക് തിരിക്കുന്നതിലൂടെ നാം ദിവസവും ഒരളവിലുള്ള തേജസ്സിൽനിന്നും മറ്റൊരളവിലേക്ക് രൂപാന്തരപ്പെടുന്നു (2 കൊരി. 3:16-18; 4:6).

| | |
|---|---|
| എബ്രാ. 2:10 | എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു. |
| എബ്രാ. 2:11 | എന്തെന്നാൽ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു, ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല, |
| 2 കൊരി. 3:16 | എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു. |
| 2 കൊരി. 3:17 | കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്. |
| 2 കൊരി. 3:18 | എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു. |
| 2 കൊരി. 4:6b | എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.. |

D. നമ്മുടെ കഷ്ടങ്ങളിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, ദൈവത്തിന്റെ ചലനാത്മക രക്ഷയുടെ ജൈവിക ലക്ഷ്യം നിവർത്തിക്കുന്നതിനായി നാം അവന്റെ ജീവനിൽ രക്ഷിക്കപ്പെടുന്നു; അത് സ്ഥലം സഭകളിൽ ആവിഷ്കരിക്കപ്പെടുന്ന ക്രിസ്തുവിന്റെ ജൈവിക ശരീരത്തിന്റെ ഉല്പാദനവും കെട്ടുപണിയുമാണ്; അവിടെ നാം കർത്താവിന്റെ സമ്പന്നമായ കൃപ ആസ്വദിക്കുകയും, സമാധാനത്തിന്റെ ദൈവം തന്റെ മഹത്വകരമായ ആവിഷ്കാരത്തിനു വേണ്ടിയും അവന്റെ വിജയത്തിന്റെ പ്രദർശനത്തിനു

വേണ്ടിയും സാത്താനെ നമ്മുടെ കാൽക്കീഴിൽ ചതച്ചുകളയുകയും ചെയ്യുന്നു—റോമ. 5:10; 12:5; 16:1, 4-5, 16, 20.

| | |
|---|---|
| റോമ. 5:10 | ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും, |
| റോമ. 12:5 | പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു. |
| റോമ. 16:1 | കെംക്രയയിലുള്ള സഭയിലെ സഭാസേവക, നമ്മുടെ സഹോദരി ഫേബയെ ഞാൻ നിങ്ങൾക്ക് ഭരമേൽപ്പിക്കുന്നു, |
| റോമ. 16:4 | അവർ എന്റെ ജീവനുവേണ്ടി തങ്ങളുടെ സ്വന്തം കഴുത്ത് വച്ചുകൊടുത്തു, അവർക്ക് ഞാൻ മാത്രമല്ല ജാതികളുടെ സകല സഭകളും നന്ദി പറയുന്നു; |
| റോമ. 16:5 | അവരുടെ വീട്ടിലുള്ള സഭയെയും വന്ദനം ചെയ്യുവിൻ. എന്റെ പ്രിയനായ, എപ്പൈനത്തൊസിനെ വന്ദനം ചെയ്യുവിൻ, അവൻ ആസ്യയിൽ ക്രിസ്തുവിനായുള്ള ആദ്യഫലം ആകുന്നു. |
| റോമ. 16:16 | വിശുദ്ധ ചുംബനംകൊണ്ട് അന്യോന്യം വന്ദനം ചെയ്യുവിൻ. ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു. |
| റോമ. 16:20 | സമാധാനത്തിന്റെ ദൈവമോ സാത്താനെ വൈകാതെ നിങ്ങളുടെ പാദങ്ങൾക്ക് കീഴെ ചതച്ചുകളയും. നമ്മുടെ കർത്താവായ യേശുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ. |